ജലസേചനത്തിന് ചെലവാക്കിയ തുക

231 [283] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1976-77-ൽ ജലസേചനത്തിന് എത്ര തുക ചെലവാക്കി;

(ബി) പദ്ധതികളും നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുണ്ടോ ;

(സി) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടെ നിർമ്മാണത്തിന് അനുമതി കൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) ഈ പദ്ധതി പ്രധാനപ്പെട്ട ഒന്നാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ഉത്തരം

(എ) 1976-77-ൽ വന്കിടയും ഇടത്തരവും ജലസേചനപദ്ധതികൾക്കു വേണ്ടി 1115·99 ലക്ഷം രൂപ നവംബർ അവസാനംവരെ ചെലവായിട്ടുണ്ട്.

(ബി) പദ്ധതികളുടെ ആസൂത്രണംചെയ്ത പണികളും എല്ലാം നടപ്പിലാക്കുന്നതിനുവേണ്ട ഫണ്ടില്ല.

(സി) ഇല്ല. കനാലുകളുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകാത്തതാണിതിന് കാരണം.

(ഡി) ഉണ്ട്.

സഹകരണസംഘങ്ങളിൽ കൂടിയുള്ള വിറകുവിതരണം

232 [284] ശ്രീ. റ്റി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരായ ഉപഭോക്താക്കൾ സഹകരണസംഘങ്ങളിൽ കൂടിവിറകു വിതരണംചെയ്യുന്ന സംപ്രദായത്തിനു എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) തൃശ്ശൂർ നഗരാതിർത്തിയിൽപ്പെട്ട സഹകരണസംഘങ്ങൾ വഴി സാധാരണ ജനങ്ങൾക്ക് വിറകു വിതരണം ചെയ്തിരുന്ന മുൻപതിവ് ഇക്കൊല്ലം നിർത്തിവയ്ക്കാൻ എന്താണ് കാരണം ;

(സി) വിറകു വിതരണം ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ച സഹകരണസംഘങ്ങളെ മാറ്റി നിറുത്തി വിറകു ലേലം വിളിക്കാൻ തീരുമാനിച്ചതിന്റെ കാരണമെന്ത് ;

(ഡി) വിറകു ലേലം വിളിക്കുകയാണെങ്കിലും സാധാരണ ജനങ്ങൾക്ക് അതു ലഭ്യമാകുകയില്ലെന്നും ലേലത്തിൽ പങ്കെടുക്കാൻ സാമ്പത്തികശേഷിയുള്ള കച്ചവടക്കാർക്ക് മാത്രമേ സാധിക്കൂ എന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇക്കാര്യം പുനഃപരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൻമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകളും പരിഗണിച്ചാണ് ഇത് നിർത്തിവച്ചത്.

(സി) മേൽപറഞ്ഞ സാമ്പത്തിക നഷ്ടം ഒഴിവാക്കുവാൻ വേണ്ടി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രത്യേകമായി ശ്രദ്ധയിൽ പെട്ടിട്ടില്ല. വിറകുമാത്രമായി സാധാരണ ലേലം വിളിക്കാറില്ല. ഡിപ്പോയിൽ ഇറക്കിക്കഴിഞ്ഞ തടികൾക്ക് പുറമേയുള്ള മരങ്ങളും ചേർത്താണ് ലേലം നടത്തുന്നത്.

(ഇ) പൊതുജനങ്ങൾക്ക് വിറകു ന്യായമായ വിലയ്ക്ക് എങ്ങനെ ലഭ്യമാക്കാമെന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുന്നുണ്ട്.

വലതുകര ചാൽ

233 [285] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർപുഴ പദ്ധതിയിലെ മൂലത്തറ റിസർവോയറിൽ നിന്ന് പുതുതായി ആരംഭിച്ച വലതുകര ചാലിൻെറ (റൈറ്റ് ബാങ്ക് കനാൽ) പ്രവൃത്തി എന്നു പൂർത്തിയാകും ;

(ബി) ഈ വലതുകര കനാലുവഴി എത്ര ഏക്കർ ഭൂമിയാണ് ജലസേചനത്തിന് ഉപയോഗിക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ വലതുകര കനാലിനെ കോരയാറിൽ ഒരു അക്വഡക്ടാക്കുകവഴി വരൾച്ച ബാധിത പ്രദേശങ്ങളുടെ കേന്ദ്രസ്ഥാനമായ വടകരപ്പതി പഞ്ചായത്തിലെ വരട്ടയാറിൽ എത്തിക്കാൻ ഗവൺമെൻറ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1978-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 3,000 ഏക്കർ കരിമ്പുകൃഷിക്കും 200 ഏക്കർ നെൽക്കൃഷിക്കും.

(സി) മൂലത്തറ വലതുകനാലിന് ഇപ്പോൾ തമിഴ് നാട്ടിൽ നിന്ന് ലഭിക്കുന്ന വെള്ളം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ലഭ്യമാക്കുവാൻ അപര്യാപ്തമാണ്. കരിയാർകുറ്റി പദ്ധതി നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന കൂടുതൽ വെള്ളം മൂലത്തറ വലതുകനാൽ വഴി വടകരപ്പതി പഞ്ചായത്തിലും മറ്റു വരൾച്ച ബാധിത പ്രദേശങ്ങളിലും എത്തിക്കുവാൻ സാധിക്കുന്നതാണ്.

സെയിലിംഗ് വെസൽസിനു വർഷാന്ത റിപ്പയർ നടത്തുന്നതിന് ആവശ്യമായ ഹൃസ്വകാല വായ്പ

234 [286] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സെയിലിംഗ് വർഷാന്ത റിപ്പയർ നടത്തുന്നതിനാവശ്യമായ ഹൃസ്വകാല വായ്പ നൽകുന്നതിന് ദേശസാൽകൃത ബാങ്കുകളിൽ സംഖ്യ അനുവദിക്കാനാവശ്യമായ വല്ല നടപടിയും ഗവൺമെൻറ് എടുത്തിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഇൻഡ്യാഗവൺമെൻറിൻെറ ഫിനാൻസ് ഡിപ്പാർട്ടുമെൻറ് ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നറിയുന്നത് ശരിയാണോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly